STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.297/PR/SPMC/PHQ/2025 Date: 25.09.2025

# സൈബർ സാമ്പത്തിക തട്ടിപ്പുകൾക്കെതിരെ പോലീസ് - ബാങ്ക് സംയുക്ത പ്രതിരോധം തുടങ്ങുന്നു

സംസ്ഥാനത്തെ എല്ലാ ജില്ലാ പോലീസ് ആസ്ഥാനങ്ങളിലും ഈ വരുന്ന ശനിയാഴ്ച (27.09.2025) മുതൽ സൈബർ സാമ്പത്തിക കുറ്റകൃത്യങ്ങൾ പ്രതിരോധിക്കുന്നതിനായി പോലീസിന്റെയും ബാങ്ക് മാനേജർമാരുടേയും സംയുക്ത യോഗങ്ങൾ സംഘടിപ്പിക്കുന്നു.

മ്യൂൾ അക്കൗണ്ടുകൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സംശയാസ്പദമായ അക്കൗണ്ടുകൾ, ATM withdrawals, Cheque withdrawals, വ്യാജ ഡിജിറ്റൽ അറസ്റ്റിൽ ഉൾപ്പെട്ട് വലിയ തുകകൾ തട്ടിപ്പുകാരുടെ അക്കൗണ്ടുകളിലേക്ക് കൈമാറുക തുടങ്ങിയവ കർശനമായി നിരീക്ഷിക്കുന്നതിനും മുൻകരുതലെടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിനും ബാങ്ക് ഇടപാടുകളിൽ കൂടുതൽ ജാഗ്രത പുലർത്തേണ്ടുന്നതിന്റെ ആവശ്യകതയെപ്പറ്റിയും യോഗത്തിൽ ബാങ്ക് ഉദ്യോഗസ്ഥരുമായി ചർച്ച ചെയ്യും.

പോലീസ് സഹായത്തോടെ സൈബർ കുറ്റകൃത്യങ്ങൾ പ്രതിരോധിക്കുന്നതിനായി ATM കൗണ്ടറുകൾ ഉൾപ്പെടെയുള്ള ഇടങ്ങളിൽ സി.സി.ടി.വി നിരീക്ഷണം, ഹോട്ട്സ്പോട്ടുകൾ കണ്ടെത്തി ശക്തമായ നിയമനടപടികൾ സ്വീകരിക്കുക, സെക്യൂരിറ്റി /അലർട്ട് സംവിധാനങ്ങൾ കൂടുതൽ ശക്തമാക്കുക തുടങ്ങിയ വിഷയങ്ങളിൽ കേരളത്തിലെ എല്ലാ ബാങ്ക് മാനേജർമാരും പോലീസുമായി ചേർന്ന് പ്രതിരോധ നടപടികൾ ഊർജിതമാക്കും.

****************************